# കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ<br>NOVEMBER | 26 | 2018 |
|---|---|---|



## ശബരിമല പത്രക്കുറിപ്പ്-1

ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidhanam2019@gmail.com

## വൈകല്യം മറന്നു, അഞ്ചാംതവണയും ഏഴുമലൈ അയ്യനെ ദർശിച്ചു

ശബരിമല: അപകടത്തിൽ ഒരുകാലു നഷ്ടപ്പെട്ട ഏഴുമലൈ ഇത് അഞ്ചാംതവണയാണ് അയ്യനെ ദർശിക്കാനെത്തുന്നത്. തമിഴ്നാട് കാഞ്ചീപുരം നോനാമു ി സ്വദേശിയായ ഏഴുമലൈ തന്റെ അണ്ണൻ രാധാകൃഷ്ണനും തമ്പിയായ കൃഷ്ണനും ബന്ധു വിജയിക്കുമൊപ്പമാണു ദർശനത്തിനെത്തിയത്. തിരക്കുെ ങ്കിലും ഇതിനു മുമ്പ് ഇത്ര എളുപ്പത്തിൽ പലപ്രാവശ്യം അയ്യനെ ക ു വണങ്ങാൻ അവസരം ലഭിച്ചിട്ടില്ലെന്ന് ഏഴുമലൈ പറഞ്ഞു. 2004ൽ ഒരു വിവാഹച്ചടങ്ങിൽ പങ്കെടുക്കാൻ പോകുമ്പോഴാണ് അപകടത്തിൽപ്പെട്ട് ഇടതുകാൽ മുട്ടിനു മുകളിൽ വച്ചു മുറിക്കേ ിവന്നത്. എങ്കിലും അയ്യപ്പദർശനം മുടക്കാൻ ഏഴുമലൈ തയാറായില്ല. തനിക്കു ജീവിക്കാനുള്ള ഉൾക്കരുത്തും പ്രേരണയും നൽകിയത് അയ്യപ്പസ്വാമിയാണെന്നു ഏഴുമലൈ വിശ്വസിക്കുന്നു.

ഇപ്പോൾ പഞ്ചായത്തിന്റെ നൂറുദിനപണിയിൽ തനിക്ക് ആവുന്ന ജോലി ചെയ്താണ് കുടുംബം പുലർത്തുന്നത്. അണ്ണൻ രാധാകൃഷ്ണൻ ഡ്രൈവറാണ്. 15 വർഷമായി രാധാകൃഷ്ണൻ ശബരിമല ദർശനം നടത്തിവരുന്നു. മൂന്നുതവണ കൂടി വന്ന് പെരിയസ്വാമിയാകാനുള്ള ആഗ്രഹത്തിലാണ് രാധാകൃഷ്ണൻ. അനുജൻ കൃഷ്ണനും ബന്ധു വിജയയും സ്വകാര്യസ്ഥാപന

ങ്ങളിൽ ജീവനക്കാരാണ്. ചില വാർത്തകൾ തെറ്റിദ്ധാരണകൾ സൃഷ്ടിക്കാൻ ഇടയാക്കിയെങ്കിലും ശബരിമലയിൽ വന്നുകഴിഞ്ഞപ്പോൾ കാര്യങ്ങൾ വളരെ ശാന്തമാണെന്നു ബോധ്യപ്പെട്ടതായി സംഘം പറഞ്ഞു. പ്രളയം കവർന്നെടുത്ത പമ്പയിൽപ്പോലും ആവശ്യമായ സൗകര്യങ്ങൾ ലഭിച്ചുവെന്നും സന്നിധാനത്ത് വളരെ സുഗമമായി ദർശനം നടത്താൻ കഴിഞ്ഞുവെന്നും അവർ പറഞ്ഞു. ഇക്കാര്യം നാട്ടിൽപ്പോയി ബന്ധുക്കളോടും സുഹൃത്തുക്കളോടും പറയും. സന്നിധാനത്ത് അനാവശ്യമായി ആരെയും തങ്ങാൻ അനുവദിക്കാത്തത് ഒരർഥത്തിൽ അനുഗ്രഹമായെന്ന് അവർ പറഞ്ഞു. ഒരു ബുദ്ധിമുട്ടും കൂടാതെ ദർശനം നടത്താൻ കഴിഞ്ഞു. പോലീസുകാരും മറ്റ് ജീവനക്കാരും നല്ല രീതിയിൽ സഹകരിച്ചുവെന്നും ഇനിയും അവസരം കിട്ടിയാൽ വരുമെന്നും ഏഴുമലൈ പറഞ്ഞു.

(പി.ആർ. ശബരി-129)

## 42 വർഷത്തെ ദർശനം, സ്വാമി സായി രവിചന്ദ്രന് ഇത് തപോപുണ്യം

ശബരിമല: തമിഴ്നാട് ആദി അണ്ണാമല അക്ഷയ ശ്രീ സായി ധ്യാന സഭയുടെ സ്ഥാപകനായ സ്വാമി സായി രവിചന്ദ്രൻ 42-ാം വർഷമാണു അയ്യപ്പദർശനത്തിനെത്തുന്നത്. ഇക്കുറിയും ദൃഢനിശ്ചയത്തോടെയാണ് സ്വാമിജി ദർശനത്തിനെത്തിയത്. സാധുവും സന്യാസിയും പ്രജയും രാജാവും എല്ലാവരും ഈ പുണ്യഭൂമിയിൽ ഒന്നാണ്. തത്വമസി- അതിലാണ് തനിക്കു വിശ്വാസമെന്ന് ഭക്തിലഹരിയിൽ കണ്ണുനിറഞ്ഞ് സ്വാമി രവിചന്ദ്രൻ പറഞ്ഞു. പിതാവ് 80 വർഷം ശബരിമല ദർശനം നടത്തി മോക്ഷം ലഭിച്ചയാളാണ്. അച്ഛനെക്കൂടാതെ അമ്മയും അക്കയും ഒക്കെ വർഷങ്ങൾ ദർശനം നടത്തിയിരുന്നു. വരാൻ കഴിയാത്തവർക്കു വേ ി പ്രതിനിധിയായിപ്പോലും നെയ്ത്തേങ്ങയുമായി ആർക്കും വരാൻ കഴിയുന്ന ഇടമാണ് അയ്യന്റെ തിരുസന്നിധി. അതിലൂടെ അവർക്കും പുണ്യം ലഭിക്കുന്നു. ലോകരക്ഷകനു പൂജ ചെയ്യുന്നതിലൂടെ ലഭിക്കുന്നത് ജൻമാന്തര സുകൃതമാണ്. അയ്യപ്പൻ തപസ്സിരിക്കുന്ന സ്ഥലമാണിത്. ഇവിടെ വ്രതനിഷ്ഠയോടെ എല്ലാവരും വരണം. സൂര്യ-ചന്ദ്രന്മാർക്ക് ദർശനം കൊടുക്കുന്ന അയ്യപ്പന്റെ മുന്നിൽ എല്ലാവരും ഒന്നാണ്. എല്ലാവരും സ്വാമി ദർശനത്തിനായി വരണമെന്നും അയ്യപ്പന്റെ അനുഗ്രഹം ലഭിക്കുന്നത് മോക്ഷമാർഗമാണെന്നും അദ്ദേഹം പറഞ്ഞു. പുറത്തു പ്രചരിക്കുന്നതുപോലെ പൂങ്കാവനത്തിൽ ദർശനത്തിനു ഒരു പ്രശ്നവുമില്ലെന്നു ബോധ്യപ്പെട്ടതായി ഗുരു സ്വാമി കൂടിയായ സ്വാമിജി പറഞ്ഞു. സാധാരണ തങ്ങൾ 120 പേർ വരെ ഒന്നിച്ചുവരാറു ്. താൻ നാട്ടിലെത്താൻ കാത്തിരിക്കുകയാണ് ശിഷ്യരും ബന്ധുക്കളും സുഹൃത്തുക്കളുമൊക്കെ. അവർക്കും ദർശനത്തിനു വരുന്നതിനായി. സിംഗപ്പൂരിൽ നിന്നുവരെ ഭക്തർ ദർശനത്തിനു വരുമെന്നു അദ്ദേഹം പറഞ്ഞു.

(പി.ആർ. ശബരി-130)

## അയ്യന് അഭിഷേകത്തിനു സ്വന്തം ഗോശാലയിലെ പാൽ

ശബരിമല: സന്നിധാനത്ത് അയ്യപ്പ സ്വാമിക്ക് അഭിഷേകത്തിനും ക്ഷേത്രത്തിനകത്തെ മറ്റു ആവശ്യങ്ങൾക്കും ഉപയോഗിക്കുന്നത് ഗോശാലയിലെ വെച്ചൂർ പശുക്കളുടെ പാലാണ്. ഭസ്മക്കുളത്തിനു സമീപം സ്ഥിതിചെയ്യുന്ന ഗോശാലയിൽ നിലവിൽ 20 പശുക്കളും നാല് കാളയുമാണുള്ളത്. 20 പശുക്കളിൽ 12 എണ്ണം കിടാവാണ്. ഒൻപത് പശുക്കൾ ഉന്നത ഗുണമേന്മയുള്ള വെച്ചൂർ ഇനത്തിലുള്ളതാണ്. കറവയുള്ള നാലു പശുക്കളാണു ഇവിടെയുള്ളത്. രാവിലെ ര ു മണിക്കും ഉച്ചയ്ക്കു മൂന്നു മണിക്കുമാണ് കറവ. ഒരു കറവയിൽ 10-11 ലിറ്റർ പാൽ ലഭിക്കുമെന്നു ഗോശാലയുടെ മേൽനോട്ടക്കാരനായ പശ്ചിമ ബംഗാൾ സ്വദേശി ആനന്ദ് പറഞ്ഞു. മൂന്നു വർഷമായി ഗോശാലയുടെ പരിപാലനം ആനന്ദിനാണ്. ഫാൻ, ലൈറ്റുകൾ ഉൾപ്പെടെ എല്ലാ സൗകര്യങ്ങളും ഗോശാലയിൽ ഒരുക്കിയിട്ടു ്. പശുക്കൾക്ക പുറമേ അഞ്ചു ആടുകളും 21 കോഴികളും ഗോശാലയുടെ മുതൽക്കൂട്ടാണ്.

(പി.ആർ. ശബരി-131)

## ശബരിമലയിലെ ഭസ്മക്കുളം

ശബരിമല: ഭസ്മക്കുളത്തെക്കുറിച്ച് പറയുമ്പോൾ ശബരിയെപ്പറ്റി പറയാതിരിക്കാനാകില്ല. രാമായണവുമായി ബന്ധപ്പെട്ട പ്രസിദ്ധമായ ഈ കഥയാണ് ശബരിമല എന്ന പേരുമായി ബന്ധപ്പെട്ടത്. ആദിവാസി സമുദായത്തിൽ പെട്ട മഹാതപസ്വിനിയായിരുന്ന ശബരി ശ്രീരാമഭഗവാന്റെ വരവും കാത്ത് തപസ്സനുഷ്ഠിച്ച സ്ഥലമാണിതെന്ന് പറയപ്പെടുന്നു. സീതാന്വേഷണത്തിന് പോകും വഴിയിൽ ശ്രീരാമനും അനുജനായ ലക്ഷ്മണനും ശബരിയുടെ ആശ്രമത്തിലെത്തുകയും സന്തുഷ്ടയായ ശബരി അവർക്ക് നെല്ലിക്കകൾ നൽകുകയും തന്റെ ജീവിതലക്ഷ്യം സഫലമായതിന്റെ ധന്യതയിൽ അവർ യാഗാഗ്നിയിൽ ശരീരം ഉപേക്ഷിച്ചതും പ്രസിദ്ധമാണ്. ശബരിയെ അനുഗ്രഹിച്ച ഭഗവാൻ, ഇനി സ്ഥലം അവരുടെ പേരിൽ പ്രസിദ്ധമാകും എന്ന് പറഞ്ഞുവത്രേ.

ശബരിമലയിൽ എത്തുന്ന ലക്ഷക്കണക്കിന് തീർത്ഥാടകർക്ക് മനഃസുഖത്തിനും ശാന്തിക്കുമായി ഭസ്മക്കുളത്തിൽ സ്നാനം ചെയ്യുക പതിവാണ്. മുമ്പ് ഇവിടെയെത്തി മുങ്ങിക്കുളിച്ച് ദേഹശുദ്ധിവരുത്തിയ ശേഷമായിരുന്നു ഭക്തർ അയ്യനെ വണങ്ങാറുള്ളത്. വർഷങ്ങൾക്ക് മുൻപ് സന്നിധാനത്തെ ഫ്ളൈ ഓവറിന് സമീപമായിരുന്നു കുളം എങ്കിലും, പിന്നീട് തീർത്ഥാടക തിരക്ക് വർധിച്ചതോടെ ഭക്തരുടെ സൗകര്യാർത്ഥം ശ്രീകോവിലിന് പിൻഭാഗത്ത് താഴെയായി ജലരാശി ക െത്തി ഇവിടേക്ക് മാറ്റി സ്ഥാപിക്കുകയായിരുന്നു. ഇപ്പോൾ മാളികപ്പുറത്ത്നിന്നു 100 മീറ്റർ അകലെയാമ് കുളം. ക്ഷേത്രത്തിലെ പൂജാരിമാർ ഭസ്മക്കുളത്തിൽ മുങ്ങിക്കുളിച്ചാണ് ശാന്തി നടത്തിയിരുന്നത്. ശാന്തിക്കായി ഉപയോഗിച്ചിരുന്ന പാത്രങ്ങളും മറ്റും വൃത്തിയാക്കുന്നതിനു ഭസ്മക്കുളത്തിനു സമീപം പാത്രക്കുളവുമു ്. നാലുവശവും കൽപ്പടവുകളാൽ നിർമ്മിതമായതും നടുക്ക് കരിങ്കൽ

പാകിയതുമാണ് ഭസ്മക്കുളം. പഴയ ഭസ്മക്കുളത്തിൽ ഉരക്കുഴി തീർത്ഥത്തിൽ നിന്നുമുള്ള ജലമാണ് എത്തിയിരുന്നത്. ഭസ്മക്കുളത്തിൽ മുങ്ങിക്കുളിച്ച് സന്നിധാനത്തു ശയനപ്രദിക്ഷിണം നടത്തിയാൽ ആഗ്രഹ സാഫല്യം ഉ ാകുമെന്നാണു വിശ്വസിച്ചുപോരുന്നത്. ഭസ്മക്കുളത്തിൽ കുളിക്കുന്നവർ സോപ്പോ, എണ്ണയോ ഉപയോഗിച്ച് ജലം മലിനപ്പെടുത്താൻ പാടില്ല.

(പി.ആർ. ശബരി-132)

## ശത്രുദോഷമകലാൻ പറകൊട്ടിപ്പാട്ട്

ശബരിമല: മാളികപ്പുറം ശ്രീകോലിനു സമീപം അയ്യപ്പൻ ആദ്യമായി ശബരിമലയിൽ ഇരുന്ന സ്ഥലമെന്നു കരുതിപ്പോരുന്ന മണിമണ്ഡപത്തിനടുത്താണ് പറകൊട്ടിപ്പാട്ട് നടന്നു വരുന്നത്. രാവിലെ നട തുറക്കുന്നത് മുതൽ നട അടയ്ക്കുന്നതു വരെ ഇവിടെ പറകൊട്ടിപ്പാട്ട് കാണാം. ഹിന്ദു വേലൻ സമുദായത്തിൽപ്പെട്ടവരാണ് പറകൊട്ടി പാടുന്നത്. ശത്രുദോഷവും ശനിദോഷവും അകറ്റുന്നതിനായാണ് പറകൊട്ടി പാടിക്കുന്നത്. പന്തളത്ത് മണികണ്ഠൻ വസിച്ചിരുന്ന സമയത്ത് രാജ്ഞിയും മന്ത്രിയും അയ്യപ്പനെ ഒഴിവാക്കുന്നതിനായി ആഭിചാരകർമ്മങ്ങൾ നടത്തിയെന്നും മണികണ്ഠനെ രക്ഷിക്കുന്നതിനായി പിതാവായ ശിവൻ വേലന്റെ വേഷത്തിലെത്തി പറകൊട്ടി പാടി ശത്രുദോഷം അകറ്റിയെന്നുമാണു ഐതിഹ്യം. ശബരിമലയിൽ തീപിടുത്തം പോലുള്ള അനിഷ്ടസംഭവങ്ങൾ തുടർക്കഥയായതോടെ ദേവ പ്രശ്നം വയ്ക്കുകയു ായി. ഭക്തരുടെ അശുദ്ധിയാണ് ദോഷങ്ങൾക്കു കാരണമെന്നും വേലൻമാരെ കൊ ുവന്നു പറകൊട്ടി പാടിച്ച് ദോഷങ്ങൾ മാറ്റിയശേഷം മാത്രമേ ഭക്തർ പതിനെട്ടാംപടി ചവിട്ടാകുവെന്നും ദേവവിധിയു ായി.പ ് ശിവൻ പറകൊട്ടി പാടിയതിനു ദക്ഷിണ നൽകാതിരുന്നതും ദേവ പ്രശ്നത്തിൽ തെളിഞ്ഞു. ആദ്യക്കാലത്ത് പതിനെട്ടാം പടിക്കു താഴെയായിരുന്നു പറകൊട്ടി പാടിയിരുന്നതെന്നു പറയപ്പെടുന്നു. തിരക്കു വർധിച്ചതോടെ ഭക്തരുടെ സൗകര്യർഥമാണ് ഇന്നു കാണുന്ന മണിമണ്ഡപത്തിനു സമീപത്തേക്കും ഇവർ മാറിയത്. മുടി മുതൽ കാൽ നഖംവരെ പ്രതിപാദിക്കുന്ന കേശാദിപാദമാണ് പറകൊട്ടിപ്പാടുന്നതിനു ഉപയോഗിക്കുന്നത്.

(പി.ആർ. ശബരി-133)

## മാളികപ്പുറത്തമ്മയ്ക്ക് ഭഗവതിസേവ

ശബരിമല: സന്നിധാനത്ത് മാളികപ്പുറത്തമ്മയ്ക്കു പ്രധാന വഴിപാടുകളിലൊന്നാണ് ഭഗവതിസേവ. സായം സന്ധ്യക്ക് ശേഷം ഐശ്വര്യ ലബ്ധിക്കായിനടത്തിവരുന്ന ദേവീ പ്രീതികരമായ സ്വാത്വിക പൂജയാണ് ഭഗവതിസേവ. അരിപ്പൊടി, മഞ്ഞൾപ്പൊടി, തുടങ്ങിയ നിറമുള്ള പൊടികൾ കൊ ് കളം

വരയ്ക്കുകയും, അതിലേക്ക് ഏറ്റവും വൃത്തിയാക്കിയ നിലവിളക്ക് വയ്ക്കുകയും ചെയ്തശേഷം ഈ നിലവിളക്കിലേക്ക് സങ്കൽപ്പശക്തികൊ ് ദേവിയെ ആവാഹിച്ചാണ് പൂജ ആരംഭിക്കുന്നത്. ഇങ്ങനെ വരയ്ക്കുന്ന കളത്തെ ''പത്മം'' എന്നുവിളിക്കുന്നു. ദുർഗ്ഗാമന്ത്രം, ത്രിപുരസുന്ദരീമന്ത്രം, വേദാന്തർഗതമായ ദേവീസൂക്തം, ദേവീമാഹാത്മ്യത്തിലെ 11-ആം അദ്ധ്യായം എന്നിങ്ങനെയുള്ള മന്ത്രങ്ങളുപയോഗിച്ച് ദേവിയെ പൂജിച്ച ശേഷം, ലളിതാ സഹസ്രനാമം ജപിച്ച് അർച്ചന ചെയ്താണ് പൂജ അവസാനിപ്പിക്കുന്നത്. ഒപ്പം പഞ്ചോപചാരപൂജ ചെയ്ത് നിവേദ്യവും വയ്ക്കണം. ചന്ദനം, തീർത്ഥം, പുഷ്പ്പം, ഗന്ധം (ചന്ദനത്തിരി) ദീപം എന്നിവയുടെ കൃത്യമായ സമർപ്പണമാണ് പഞ്ചോപചാരപൂജ. ഭഗവതിസേവ ലളിതമായും, വിപുലമായും നടത്താറു ്.

വിപുലമായി നടത്തുന്നതിനെ ത്രികാലപൂജ (രാവിലെയും, ഉച്ചയ്ക്കും, വൈകിട്ടും) എന്ന് പറയുന്നു. ദുരിതമോചനത്തിനായാണ് ത്രികാല പൂജയായി ഭഗവതിസേവ നടത്താറുള്ളത്. ഇങ്ങനെ ചെയ്യുമ്പോൾ ശാന്തിദുർഗ്ഗാ മന്ത്രം പ്രത്യേകം ഉപയോഗിക്കുന്നു. നിവേദ്യം ഈ മൂന്ന് നേരവും വ്യത്യസ്തമാണ്. രാവിലെ മഞ്ഞപൊങ്കലും, ഉച്ചയ്ക്ക് പാൽപ്പായസവും, വൈകീട്ട് കടുംപായസവുമാണ് നിവേദ്യങ്ങൾ. താമരപ്പൂവ് നിർബന്ധമാണ്. തെറ്റി (തെച്ചി ) മുതലായ ചുവന്ന പുഷ്പ്പങ്ങളും വേണം. എത്രയും കൂടുതൽ പൂവ് ഉ ാ അത്രയും നല്ലത് എന്നാണ് വിശ്വസിക്കപ്പെടുന്നത്. ശാന്തിദുർഗ്ഗാ മന്ത്രത്തോടൊപ്പം ഓരോ കാര്യത്തിനായി ഓരോ മന്ത്രം ഉപയോഗിച്ച് ദേവിയെ പൂജിക്കുന്ന പതിവും ഉ ്. മംഗല്യസിദ്ധിക്കായി സ്വയംവരമന്ത്രവും,
സർവ്വകാര്യവിജയത്തിനായി ജയദുർഗ്ഗാമന്ത്രവും, ഭയത്തിൽ നിന്നുള്ള മോചനത്തിനായി വനദുർഗ്ഗാമന്ത്രവും, വശ്യത്തിനായി ആശ്വാരൂഢമന്ത്രവും, ബാധാപ്രവേശ ശമനത്തിനായി ആഗ്നേയതൃഷ്ട്ടുപ്പും ഒക്കെ ഇങ്ങനെ പ്രത്യേകം ഉപയോഗിക്കുന്ന മന്ത്രങ്ങളാണ്. സാധാരണയായി വൈകിട്ട് ഒരു നേരം മാത്രം കടുംപായസം നേദിച്ച് ലളിതമായ പൂജയാണ് നടത്താറുള്ളത്. ദോഷങ്ങളുടെ കാഠിന്യം അനുസരിച്ച് 3/7/12 തുടങ്ങിയ ദിവസങ്ങളിൽ അടുപ്പിച്ചു നടത്തുന്നതും പതിവാണ്. മാസംതോറും അവരവരുടെ ജന്മ നക്ഷത്ര ദിവസം പതിവായി ഇത് നടത്തുന്നത് ഏറെ നല്ലതാണെന്ന് കരുതപ്പെടുന്നു.

(പി.ആർ. ശബരി-134)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ<br>NOVEMBER 26 | 2018 |
| --- | --- |

## ശബരിമല പത്രക്കുറിപ്പ്-2

ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidhanam2019@gmail.com


## ഫയർ ആന്റ് റെസ്ക്യൂവിന് പുതിയ എമർജൻസി ഓപ്പറേഷൻ സെന്റർ

ശബരിമല: ഫയർ ആന്റ് റെസ്ക്യൂവിന്റെ പുതിയ എമർജൻസി ഓപ്പറേഷൻ സെന്റർ ദേവസ്വം ഫെസ്റ്റിവൽ കൺട്രോൾ ഓഫിസിനോട് ചേർന്ന് പ്രവർത്തനം ആരംഭിച്ചു. അടിയന്തിരഘട്ടങ്ങളിൽ സേവനം ഉടൻ ലഭ്യമാകാനാണിത്. സന്നിധാനത്തെ വിവിധ ഹോട്ടലുകൾ, അന്നദാനം, മെസ് എന്നിവിടങ്ങളിലെ പാചക തൊഴിലാളികൾക്കും മറ്റുള്ളവർക്കും അഗ്നിശമനസേന ക്ലാസ് നൽകാനും ഉദ്ദേശിക്കുന്നു ്. മരക്കൂട്ടം, ശരംകുത്തി എന്നിവിടങ്ങളിൽ ജോലി ചെയ്യുന്ന സേനാംഗങ്ങൾക്ക് ഭക്ഷണമെത്തിച്ച് നൽകുന്ന കാര്യവും പരിഗണിക്കുമെന്ന് ഫെസ്റ്റിവൽ കൺട്രോളർ വിലയിരുത്തി.

(പി.ആർ. ശബരി-135)

## സന്നിധാനത്തെ പ്ലാസ്റ്റിക് വിമുക്തമാക്കാൻ വനംവകുപ്പ്

ശബരിമല: കാനനവാസന്റെ സന്നിധാനവും പരിസരവും പ്ലാസ്റ്റിക് വിമുക്തമാക്കാനായ് വനംവകുപ്പ്. കടകളിൽനിന്നുള്ള പ്ലാസ്റ്റിക് മാലിന്യങ്ങൾ കടക്കാ

രുടെ ഉത്തരവാദിത്വത്തിൽ തന്നെ ശേഖരിച്ചു നിർമാർജനം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. സീസൺ കഴിയുന്ന മുറയ്ക്ക് ശുചീകരണ പ്രവർത്തനങ്ങളിൽ സന്നിധാനത്തെ പ്രാന്തപ്രദേശത്തുള്ള വനമേഖലയിലെ പ്ലാസ്റ്റിക് മാലിന്യങ്ങൾ കണ്ടെത്തി നിർമ്മാർജനം ചെയ്യും. ക്ലീനിങ്ങുമായി ബന്ധപ്പെട്ട ജീവനക്കാർക്ക് ഇതുസംബന്ധിച്ച് വ്യക്തമായ മാർഗനിർദേശങ്ങൾ നൽകും. പുണ്യംപൂങ്കാവനം പദ്ധതിയുമായും സഹകരിച്ച് പ്ലാസ്റ്റിക് നിർമ്മാർജനം നടത്തും.

(പി.ആർ. ശബരി-136)

## അയ്യപ്പസേവാസംഘത്തിനായി ബയോ ടോയ്‌ലറ്റ്

ശബരിമല: അയ്യപ്പസേവാസംഘം സന്നദ്ധപ്രവർത്തകർക്കായി ശരംകുത്തിയിലും മരക്കൂട്ടത്തും ഓരോ ബയോ ടോയ്‌ലറ്റ് വരുന്നു. ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ അസിസ്റ്റന്റ് എൻജിനീയർ(സിവിൽ), അസിസ്റ്റന്റ് എൻജിനീയർ(ഇലക്ട്രിക്കൽ) എന്നിവർക്ക് നിർദേശം നൽകി. ശരംകുത്തിയിൽ ചുക്കുവെള്ളം വിതരണം ചെയ്യുന്നതിന് ഒരു ടാപ്പ്, അപ്പാച്ചിമേട് ക്യാമ്പ് ഷെഡ്ഡിൽ കൂടുതൽ ലൈറ്റ് അനുവദിക്കുന്നതിനും ആവശ്യമായ നടപടികളെടുക്കാൻ ദേവസ്വം കമ്മീഷ്ണർ എൻ. വാസുവിന്റെ അധ്യക്ഷതയിൽ ദേവസ്വം കോംപ്ലക്സ് കോൺഫറൻസ് ഹാളിൽ ചേർന്ന യോഗം തീരുമാനമായി.

(പി.ആർ. ശബരി-137)

## സന്നിധാനത്ത് പൊതുജനാരോഗ്യ പ്രവർത്തനം ഊർജ്ജിതമാക്കി

ശബരിമല: സന്നിധാനത്ത് ആരോഗ്യവകുപ്പിന്റെ ആഭിമുഖ്യത്തിൽ പൊതുജനാരോഗ്യ പ്രവർത്തനം ഊർജ്ജിതമാക്കി. ശുചീകരണ തൊഴിലാളികൾക്ക് സന്നിധാനവും പരിസരവും മാലിന്യങ്ങൾ നീക്കം ചെയ്ത് വൃത്തിയാക്കുവാനുള്ള നിർദേശങ്ങൾ നൽകുകയും വിവിധസ്ഥലങ്ങളിൽ ബ്ലീച്ചിങ് പൗഡർ വിതറുകയും ചെയ്തു.

പത്ത് ഹോട്ടലുകൾ സന്ദർശിക്കുകയും ഭക്ഷണം പാകംചെയ്യുന്ന തൊഴിലാളികൾക്ക് ഹെൽത്ത് കാർഡ് അടിയന്തിരമായി എടുക്കണമെന്നുള്ള നിർദേശം നൽകുകയും ലേബൽ ഇല്ലാത്ത കുടിവെള്ളം, പഴകിയ ഭക്ഷണസാധനങ്ങൾ പിടികൂടി നശിപ്പിച്ചു. പലഹാരങ്ങൾ ന്യൂസ് പേപ്പറിട്ട് വെച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെടുകയും അത് നീക്കം ചെയ്യുകയും ചെയ്തു. കൊപ്രാപ്പുരയുടെ പുറകുവശത്തായി തെഴിലാളികൾ താമസിക്കുന്ന സ്ഥലത്ത് മലിനജലം കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെടുകയും അവിടെ സ്പ്രേയിങ്, ഫോമി

ങ് ഉൾപ്പടെയുള്ള കൊതുക് നിവാരണ പ്രവർത്തനങ്ങൾ അടിയന്തിരമായി നടപ്പാക്കുകയും ചെയ്തു. ഇതരസംസ്ഥാന തൊഴിലാളികൾക്കിടയിൽ ക്യാമ്പ് നടത്തി മലമ്പനി, മന്ത് എന്നീ പകർച്ച വ്യാധി രോഗങ്ങൾ ക ുപിടിക്കുന്നതിന് രക്തമെടുത്ത് പരിശോധന നടത്തും. ഹെൽത്ത് ഇൻസ്പെക്ടർ ബി. അനിൽകുമാർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരായ ഐ. ഷറഫുദ്ദീൻ, ടി.ആർ. മണിലാൽ എന്നിവർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

(പി.ആർ. ശബരി-138)

## സുഖദർശനത്തിന്റെ ആത്മാനുഭൂതിയിൽ അയ്യപ്പഭക്തർ

ശബരിമല: മണ്ഡലമകരവിളക്ക് മഹോത്സവത്തിന്റെ സുഗമമായ നടത്തിപ്പിനും സുഖദർശനത്തിനും സംസ്ഥാനസർക്കാരും തിരുവിതാംകൂർ ദേവസ്വം ബോർഡും ഒരുക്കിയ സൗകര്യങ്ങളിൽ പൂർണ തൃപ്തരാണ് ദർശനത്തിനെത്തുന്ന അയ്യപ്പഭക്തർ. സാമൂഹ്യമാധ്യമങ്ങളിലും മറ്റും പ്രചരിക്കുന്ന തെറ്റായ വാർത്തകൾ ഇതര സംസ്ഥാനങ്ങളിലെ ഭക്തർക്ക് ആശങ്കയു ാക്കിയിരുന്നു. എന്നാൽ അയ്യപ്പസ്വാമിയെ നേരിൽ ദർശിച്ച് മനസ് നിറയെ തൊഴുത് പ്രാർഥിക്കാൻ സാധിച്ചതോടെ വസ്തുത ബോധ്യപ്പെട്ടു.

വൃത്തിയുള്ള കുടിവെള്ളം, വിശ്രമിക്കാനും താമസിക്കാനും മെച്ചപ്പെട്ട സൗകര്യം ഭക്തർക്ക് താങ്ങും തണലുമായി നിൽക്കുന്ന പോലീസുകാരും ജീവനക്കാരും പതിറ്റാ ുകളായി സ്വാമി ദർശനത്തിനെത്തുന്ന അയ്യപ്പഭക്തർ അനുഭവങ്ങൾ പങ്കുവെച്ചു. തമിഴ്നാട് ആർക്കാട് നിന്ന് പാണ്ഡ്യന്റെ നേതൃത്വത്തിൽ സന്നിധാനത്തെത്തിയ 30പേർ പമ്പയിലും സന്നിധാനത്തും എല്ലാ അടിസ്ഥാന സൗകര്യമു ന്നും പുണ്യദർശനം സാധ്യമായെന്നും അഭിപ്രായപ്പെട്ടു. മാധ്യമവാർത്തകൾ പേടിപ്പെടുത്തിയെങ്കിലും എല്ലാം നേരിൽ ക റിഞ്ഞപ്പോൾ പ്രചരിക്കുന്നത് വാസ്തവമല്ലെന്നും ബോധ്യപ്പെട്ടു.

തമിഴ്നാട് വെല്ലൂർ ജില്ലയിൽ നിന്ന് പതിനെട്ടാംതവണ ദർശനത്തിനെത്തിയ വിനോദ്കുമാറും കുഞ്ഞുമാളികപ്പുറ്ങ്ങളായ ദിയയും മേഘശ്രീയും ആശ്രിതവൽസനനെ ക ുതൊഴുന്നതിന് ആശങ്കപ്പെടുത്തുന്ന യാതൊരു സ്ഥിതിവിശേഷവും നേരിടേ ി വന്നില്ലെന്ന് പറഞ്ഞു. തമിഴ്നാട് വേലൂർ ജില്ലയിൽ നിന്നുള്ള ലോകാനന്ദനും ജയകുമാറും സുഖദർശനം സാധിച്ചതിന്റെ ആത്മീയ അനുഭൂതി പങ്കുവെച്ചു. തീർഥാടനത്തിന് ഒരിടത്തും ബുദ്ധിമുട്ട് നേരിട്ടില്ല. കുഞ്ഞുമാളികപ്പുറങ്ങൾക്കും പ്രയാസം നേരിട്ടില്ല.

മൈലാടുംതുറൈയിൽ നിന്ന് കുമരനും ശെന്തിൽമുരുകനും 13-ാം വർഷമാണ് ദർശനത്തിനെത്തുന്നത്. ഈ വർഷവും പതിവുപോലെ ദർശനം നടത്തി. പോലീസും ജീവനക്കാരുമെല്ലാം നല്ലതായി പെരുമാറി. എങ്ങും വൃത്തിയുള്ളതായി കാണപ്പെട്ടു. പാലക്കാട് ജില്ലാ ആശുപത്രിയിലെ സൈക്കാ

ട്രിസ്റ്റ് ഡോ. അഭിജിത്ത് തുടർച്ചയായ ഒൻപതാം വർഷമാണ് ദർശനത്തിനെത്തിയത്. പ്രചരിക്കപ്പെട്ടപോലെ ഒരുതടസവും ദർശനത്തിനു  ായില്ലെന്ന് അദ്ദേഹം പറഞ്ഞു.

തിരുപ്പൂരിൽ നിന്ന തിരുജ്ഞാനസംബന്ധവും ഏഴ് അയ്യപ്പഭക്തരും തുടർച്ചയായ എട്ടാമത്തെ വർഷമാണ് ദർശനത്തിനെത്തുന്നത്. നല്ല നിലയിൽ ദർശനം സാധ്യമായെന്നും സൗകര്യങ്ങളിൽ വളരെ തൃപ്തിയു  ന്നും അവർ പറഞ്ഞു.

ബാംഗ്ലൂരിൽ നിന്ന് മഞ്ചുനാഥന്റെ നേതൃത്വത്തിൽ ദർശനത്തിനെത്തിയ 41പേരും സന്നിധാനത്തുള്ള സൗകര്യങ്ങളിൽ സംതൃപ്തി അറിയിച്ചു. വളരെ സുഖകരമായ ദർശനം സാധ്യമായി. അയ്യനെ വേ  ുവോളം ക  ുതൊഴുതു. പ്രളയത്തിൽ പമ്പയിൽ നഷ്ടപ്പെട്ടത് ക ് ബോധ്യപ്പെട്ടു. എങ്കിലും ദർശനത്തിന് ഒരു ബുദ്ധിമുട്ടും ഉ  ായില്ല. പോലീസും ജീവനക്കാരും നൽകിയത് നല്ല സഹകരണമായിരുന്നു.

തമിഴ്നാട് നാമക്കല്ലിൽ നിന്ന് മാരിമുത്തിവിന്റെ നേതൃത്വത്തിൽ 47പേർ ദർശനത്തിനെത്തി. സുചീന്ദ്രത്ത് നിന്ന് ഗണേഷും മണിയും സംഘവും തൃപ്തികരമായ ദർശനം സാധ്യമായതിന്റെ അനുഭൂതിയിലാണ്.

ബംഗ്ലൂരിൽ നിന്ന് റെയിൽവേ ഉദ്യോഗസ്ഥരായ രാമയ്യ, സുകുമാർ, സുരേഷ്നായിക്, ജയശങ്കർ എന്നിവരും തടസ്സങ്ങളൊന്നുമില്ലാതെ അയ്യനെ ദർശിക്കാനായതിന്റെ ആഹ്ലാദം പങ്കുവെച്ചു.

(പി.ആർ. ശബരി-139)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ | |
|---|---|
| NOVEMBER 26 | 2018 |



## ശബരിമല പത്രക്കുറിപ്പ്-3

ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidhanam2019@gmail.com

---

### *സുഗമദർശനം സാധ്യമായി, ശബരിമലയിൽ തിരക്കേറുന്നു*

ശബരിമല: യഥാർഥ വസ്തുത ഭക്തജനങ്ങൾ തിരിച്ചറിയുന്നതിന്റെ തെളിവായി സന്നിധാനത്ത് തിരക്കു വർധിച്ചുതുടങ്ങി. ഇന്നലെ ഉച്ചകഴിഞ്ഞു വലിയ നടപ്പന്തൽ നിറഞ്ഞു ഭക്തർ എത്തി. മലയാളി ഭക്തർക്കൊപ്പം ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നു വൻതോതിൽ ഭക്തജനങ്ങൾ ശബരിമലയിലേക്കു വരുന്നുണ്ട്. തീർഥാടകർക്ക് ഒരുതരത്തിലുള്ള ബുദ്ധിമുട്ടും ഉണ്ടാകാത്ത വിധത്തിലുള്ള ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത്. ഭക്തരെ സഹായിക്കുന്നതിനായി ദേവസ്വം ബോർഡിന്റെ ജീവനക്കാരും പോലീസുകാരും മറ്റു വകുപ്പ് ഉദ്യോഗസ്ഥരും നിലയ്ക്കൽ മുതൽ സന്നിധാനം വരെ രാപ്പകൽ രംഗത്തുണ്ട്. തമിഴ്നാട്ടിലെ വിവിധയിടങ്ങളിൽനിന്നു കൂട്ടം കൂട്ടമായിട്ടാണ് ഭക്തർ എത്തുന്നത്. തങ്ങൾക്ക് ഒരിടത്തും ഒരുതരത്തിലുമുള്ള പ്രയാസങ്ങൾ ഉണ്ടായിട്ടില്ലെന്നും വസ്തുതകൾ ബോധ്യപ്പെട്ടെന്നും ഭക്തർ പറഞ്ഞു. ഹൈദ്രാബാദിൽ നിന്ന് നൂറിലേറെ ഭക്തർ ഇന്നലെ വൈകിട്ട് ഒന്നിച്ചു ദർശനത്തിനെത്തി. കൊച്ചുമണികണ്ഠൻമാരും കുഞ്ഞുമാളികപ്പുറങ്ങളും ഇക്കൂട്ടത്തിൽപ്പെടുന്നു.

സന്നിധാനത്ത് വിരിവയ്ക്കാനും വിശ്രമിക്കാനുമുള്ള സൗകര്യങ്ങൾ യഥേഷ്ടം ഏർപ്പെടുത്തിയിട്ടുണ്ട്. വിഷമിച്ചു വരുന്ന ഭക്തർക്കായി ഔഷധ ചൂ

ടുവെള്ള വിതരണം 24 മണിക്കൂറും സന്നിധാനത്ത് വിവിധ ഭാഗങ്ങളിൽ ഒരുക്കിയിട്ടുണ്ട്. കൂടാതെ വൈദ്യ സഹായത്തിനായി അലോപ്പതി, ഹോമിയോ, ആയുർവേദ ആശുപത്രികളും ജാഗ്രതയോടെ പ്രവർത്തിക്കുന്നു. ദർശനത്തിനെത്തുന്ന ഭക്തർ അതിനു ശേഷം കൂടുതൽ സമയം സന്നിധാനത്തു തങ്ങാതെ മലയിറങ്ങുന്നതു മൂലം പിന്നാലെ വരുന്നവർക്കു സുഗമമായി പതിനെട്ടാംപടി കയറാൻ കഴിയുന്നുണ്ട്. സുരക്ഷയുടെ ഭാഗമായി ഏർപ്പെടുത്തിയ ഈ ക്രമീകരണം വിജയകരമായിരിക്കുകയാണ്. സന്നിധാനത്തും പരിസരങ്ങളിലും ശാന്തമായ അന്തരീക്ഷത്തിൽ തീർഥാടനം നിർവഹിക്കാൻ ഇതിലൂടെ കഴിയുന്നുണ്ട്. പമ്പയിൽ പരമാവധി സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. പ്രളയത്തിനു ശേഷം രണ്ടുമാസം കൊണ്ടാണ് ഇത്രയും സൗകര്യങ്ങൾ ഒരുക്കാൻ കഴിഞ്ഞത്. എല്ലാം നഷ്ടപ്പെട്ട പമ്പാ തീരം പഴയപോലെ ആക്കുന്നതിനു ഇനിയും കഠിനശ്രമം ശേഷിക്കുകയാണ്. ഇടിഞ്ഞുപോയ പമ്പാതീരം അരകിലോമീറ്റർ എങ്കിലും ദൂരം അമ്പതടിയിലേറെ ഉയരത്തിൽ ആയിരക്കണക്കിനു മണൽച്ചാക്കുകൾ അടുക്കി ഇനിയും ഇടിയാതെ സുരക്ഷിതമാക്കിയിട്ടുണ്ട്. കുറഞ്ഞ സമയപരിധിയിലെ കഠിനാധ്വാനത്തിന്റെ ഉദാഹരണമായി ഇത് നിലകൊള്ളുകയാണ്.

പൂങ്കാവനം ഉൾപ്പെടെയുള്ള ഇടങ്ങളിലെ സുരക്ഷാ ക്രമീകരണങ്ങളുടെ ഭാഗമായി 72 സിസി കാമറകൾ ചലനങ്ങൾ ഒപ്പിയെടുത്ത് സന്നിധാനത്തെ കൺട്രോൾ റൂമിൽ എത്തിക്കുന്നതിനുള്ള എല്ലാ ഒരുക്കങ്ങളും പൂർത്തിയായിക്കഴിഞ്ഞു. അരകിലോമീറ്റർ വരെ റോഡ് വളരെ വ്യക്തമായി നിരീക്ഷിക്കാൻ ഓരോ കാമറയ്ക്കും കഴിയും. രാത്രി കാഴ്ചയ്ക്ക് ഇൻഫ്രാറെഡ് കാമറകളുമുണ്ട്.

***(പി.ആർ. ശബരി-140)***

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ<br>NOVEMBER 26 | 2018 |
|---|---|



## ശബരിമല പത്രക്കുറിപ്പ്-4

ഫോൺ : 04735-202664
www.prd.kerala.gov.in, prdsannidhanam2019@gmail.com

---

### തെലുങ്കാനയിൽ നിന്ന് കാൽനടയായി 90 അയ്യപ്പഭക്തർ

ശബരിമല: തെലുങ്കാനയിൽ നിന്ന് കാൽനടയായി 90 അയ്യപ്പഭക്തർ സന്നിധാനത്തെത്തി പതിനെട്ടാം കയറി കലിയുഗവരദനെ തൊഴുത സായൂജ്യത്തിൽ. ഗുരുസ്വാമി ബാലകൃഷ്ണയുടെ നേതൃത്വത്തിൽ ഹൈദരാബാദ് ചാർമിനാറിൽ നിന്ന് കഴിഞ്ഞമാസം 22ന് തീർഥാടനം ആരംഭിച്ച സംഘം പുല്ലുമേട് വഴിയാണ് സന്നിധാനത്തെത്തിയത്. സംഘത്തിലെ കൂടുതൽപേരും പത്തിലേറെ തവണ ശബരീശ ദർശനം നടത്തിയവരാണ്. ഗുരുസ്വാമി തുടർച്ചയായി ഇരുപത്തിയഞ്ചാമത്തെ തവണയാണ് ദർശനത്തിനെത്തിയത്. വിവിധക്ഷേത്രങ്ങളിൽ സന്ദർശിക്കുകയും കാരുണ്യപ്രവർത്തനങ്ങളിൽ പങ്കാളികളാവുകയും ചെയ്താണ് സംഘം സന്നിധാനത്തെത്തിയത്. പഴനി ആ   വ ദർശനത്തിനുശേഷമാണ് സംഘം അയ്യനെ തൊഴുതത്.

(പി.ആർ. ശബരി-141)

### മാലിന്യമുക്തശബരിമല യാത്ര ഇന്ന് (27ന്)

ശബരിമല: ജില്ലാ പഞ്ചായത്തും ജില്ലാ ശുചിത്വമിഷനും ചേർന്ന്

ശബരിമലയിൽ നടപ്പാക്കുന്ന മാലിന്യമുക്ത ശബരിമല പദ്ധതിയുടെ ഭാഗമായി വിവിധ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരുടെ നേതൃത്വത്തിൽ തദ്ദേശഭരണ ഭാരവാഹികളും ശുചിത്വമിഷൻ ഉദ്യോഗസ്ഥരും വോള  ിയർമാരും ഇന്ന് (27ന്) രാവിലെ ഒമ്പതിന് പമ്പ സന്ദർശിക്കും.

(പി.ആർ. ശബരി-142)

## ഇന്ന് (27ന്) രാത്രി പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകൾ

ശബരിമല: തീർഥാടനത്തോടനുബന്ധിച്ച് ജില്ലയിൽ ഇന്ന് (27ന് ) രാത്രി പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകൾ: ജാസ്മിൻ മെഡിക്കൽസ് പത്തനംതിട്ട, മൂക്കന്നൂർ മെഡിക്കൽസ് കോന്നി, റ്റി ആൻഡ് റ്റി മെഡിക്കൽസ് കോഴഞ്ചേരി, കാരുണ്യ മെഡിക്കൽസ് അടൂർ, പുത്തൻവിളയിൽ മെഡിക്കൽസ് പന്തളം, നിതിൻ മെഡിക്കൽസ് തിരുവല്ല, മണ്ണായിക്കൽ മെഡിക്കൽസ് ഇട്ടിയപ്പാറ റാന്നി, നീതി മെഡിക്കൽ സ്റ്റോർ വടശേരിക്കര.

(പി.ആർ. ശബരി-143)

## ഫോഗിങ്ങും സ്പ്രേയിങ്ങും നടത്തി

ശബരിമല: സന്നിധാനത്തും പരിസരത്തും കൊതുകു നശീകരണത്തിന്റെ ഭാഗമായി ഇന്നും ഫോഗിങ്ങും സ്പ്രേയിങ്ങും നടത്തി. രോഗപ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ആരോഗ്യ വകുപ്പാണ് പ്രവർത്തനങ്ങൾ നടത്തിയത്. വരും ദിവസങ്ങളിലും പ്രവർത്തനങ്ങൾ വിപുലീകരിക്കുമെന്നു അധികൃതർ അറിയിച്ചു.

(പി.ആർ. ശബരി-144)

## ശബരിമലയിലെ ഇന്നത്തെ ചടങ്ങുകൾ(27.11.18)

രാവിലെ
3 ന് ..... ക്ഷേത്രനട തുറക്കൽ
3.05 ന് ..... നിർമ്മാല്യം
3.15 മുതൽ ഉച്ചയ്ക്ക് 12വരെ നെയ്യഭിഷേകം
3.30 ന് ഗണപതി ഹോമം
7.30 ന് ഉഷപൂജ
12.40ന് ഉച്ചപൂജ
1 മണിക്ക് നട അടയ്ക്കും

വൈകുന്നേരം
3 ന് നടതുറക്കൽ
6.30ന് ദീപാരാധന
7 ന് പുഷ്പാഭിഷേകം
രാത്രി 9.30 ന് അത്താഴപൂജ
10.50ന് ഹരിവരാസനം പാടി 11 മണിക്ക് നട അടയ്ക്കും ....

(പി.ആർ. ശബരി-145)



**കേരള സർക്കാർ**

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**

| **നവംബർ** NOVEMBER **26** | **2018** |
|---|---|



**ശബരിമല പത്രക്കുറിപ്പ്- 5**

ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidhanam2019@gmail.com

## ***ഭക്തർക്ക് ഒറ്റയ്ക്കോ, സംഘമായോ ദർശനത്തിന് എത്തുന്നതിനോ ശരണം വിളിക്കുന്നതിനോ തടസമില്ല***

ശബരിമല: നിരോധനാജ്ഞ നവംബർ 30ന് അർധരാത്രി വരെ നീട്ടി

ഇലവുങ്കൽ മുതൽ സന്നിധാനം വരെ പ്രഖ്യാപിച്ചിട്ടുള്ള നിരോധനാജ്ഞ നവംബർ 30ന് അർധരാത്രി വരെ ദീർഘിപ്പിച്ച് ജില്ലാ മജിസ്ട്രേട്ടും ജില്ലാ കളക്ടറുമായ പി.ബി. നൂഹ് ഉത്തരവായി. നവംബർ 26 ന് അർധരാത്രി മുതൽ നവംബർ 30ന് അർധരാത്രിവരെ ഉത്തരവിന് പ്രാബല്യമുണ്ട്.

ശബരിമല ദർശനത്തിന് എത്തുന്ന തീർഥാടകരുടെ സംരക്ഷണം ഉറപ്പാക്കുന്നതിനും ക്രമസമാധാനം നിലനിർത്തി ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനും പൊതുമുതൽ സംരക്ഷിക്കുന്നതിനുമാണ് നിരോധനാജ്ഞ പുറപ്പെടുവിച്ചിട്ടുള്ളത്. പമ്പാ പോലീസ് സ്റ്റേഷൻ പരിധിയിലെ ഇലവുങ്കൽ മുതൽ സന്നിധാനം വരെ എല്ലാ പ്രദേശങ്ങളിലും മുഴുവൻ റോഡുകളിലും ഉപറോഡുകളിലും നിരോധനാജ്ഞ ബാധകമാണ്.

ഇലവുങ്കൽ മുതൽ സന്നിധാനം വരെയുള്ള പ്രദേശങ്ങളിൽ ജനങ്ങൾ നിയമവിരുദ്ധമായി സംഘം ചേരുന്നതും, പ്രകടനം, പൊതുയോഗം, വഴിതടയൽ എന്നിവ നടത്തുന്നതും നിരോധിച്ചിട്ടുണ്ട്. ശബരിമല തീർഥാടകർക്ക് സമാധാനപരമായ ദർശനം, അവരുടെ വാഹനങ്ങളുടെ സുഗമമായ സഞ്ചാരം എന്നിവ നിരോധനാജ്ഞയിൽ നിന്നും

ഒഴിവാക്കിയിട്ടുണ്ട്. ഭക്തർക്ക് ഒറ്റയ്ക്കോ, സംഘമായോ ദർശനത്തിന് എത്തുന്നതിനോ ശരണം വിളിക്കുന്നതിനോ തടസമില്ല.

ജില്ലാ പോലീസ് മേധാവിയുടെയും ശബരിമല അഡീഷണൽ ജില്ലാ മജിസ്ട്രേട്ടിന്റെയും റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലും തുലാമാസ പൂജയ്ക്കും, ചിത്തിര ആട്ടവിശേഷ സമയത്തും, മണ്ഡല മകരവിളക്കിനായി നടതുറന്നതു മുതലുമുള്ള പ്രതിഷേധങ്ങളുടെയും, സംഘർഷ സാധ്യത നേരിട്ടു ബോധ്യപ്പെട്ടതിന്റെയും അടിസ്ഥാനത്തിലാണ് ക്രിമിനൽ നടപടിക്രമം വകുപ്പ് 144 പ്രകാരം നിരോധനാജ്ഞാ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

*(പി.ആർ. ശബരി-146)*


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.